Grievances of Kumarapuram Villagers.

*468 MR. K. RAMAKRISHNAN ACHARI (*Nedumangad II—Kammala*): കീഴ്ക്കാണും വിവരങ്ങൾക്കു കനം എക്സൈസ് ഇലാകാ മന്ത്രി അവർകൾ പതിൽ അറിപ്പാർക്കുമോ?

(a) തിരുവിതാംകൂർ പവുണ്ടറിയിൽ, ആരൽവായ്മൊഴി സുങ്കവരിച്ചാവടിയിൻ മൈലുക്കു കിഴക്കേ കുമാരപുരം, കണ്ണപ്പനല്ലൂർ എന്ന പിരാക്കുകളിൽ തിരുവിതാംകൂർ മക്കൾ വാഴുകിൻറാർകൾ എന്നു എക്സൈസ് ഇലാകാവിർക്കും, അരചാങ്കത്തിർക്കും തെരിയവരുമാ?

(b) സുങ്കച് ചാവടിയിൻ മേർകിരുക്കും തിരുവിതാംകൂർ മക്കൾ അനുപവിക്കും ഉണവു, ഉടൈ, പോക്കുവരവു സുതന്തിരം അവർകൾ അടൈന്തു വരുകിൻറാർകളാ?

(c) കുമാരപുരം, കണ്ണപ്പനല്ലൂർ മക്കളിൻ സങ്കടവിണ്ണപ്പമും, പേട്ടിയും സംപന്തമാക തർപോതിരുക്കും എക്സൈസ് ഇലാകാ കമിഷണർ അവർകൾ ഏതാവതു നടവടി എടുത്തിണ്ടാ?

HON'BLE MR. E. K. MADHAVAN : (എ) ഉണ്ട്.

(ബി) ഉണ്ട്. ഡ്യൂട്ടിയുള്ളതും നിരോധിച്ചിട്ടുള്ളതും ആയ സാമാനങ്ങൾമാത്രം.

(സി) ഉണ്ട്.

MR. K. RAMAKRISHNAN ACHARI : മന്ത്രി അവർകൾ അന്ത സ്തലങ്കളൈ നേരിൽ പാർത്തു, വേണ്ടിയ സൌകരിയങ്കൾ സെയ്തു തരമുടിയുമാ?

HON'BLE MR. E. K. MADHAVAN : നേരിട്ട അനേഷിച്ച് വേണ്ടതു ചെയ്യുന്നതിനു ഏർപ്പാടു ചെയ്യാം.

മലയാളം പണ്ഡിതർക്കുള്ള ശമ്പളസ്കെയിൽ

*469. MR. P. CHACKO (*Thiruvalla V—General*) താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ മലയാളം പണ്ഡിതർക്കു നിശ്ചയിച്ചിട്ടുള്ള ശമ്പളസ്കെയിൽ എന്ത്?

(ബി) ഇംഗ്ലീഷ് ഭാഷയെപ്പോലെതന്നെ പ്രാധാന്യമുള്ള ഉപഭാഷ പോഷിപ്പിക്കുന്ന മലയാളം പണ്ഡിതർക്കും ഇംഗ്ലീഷ് അദ്ധ്യാപകന്മാർക്കുള്ള സ്കെയിൽ കൊടുക്കുന്നതിനു വല്ല തടസ്സവുമുണ്ടോ?

HON'BLE MR. N. KUNJURAMAN : ബി. എ., ബി. ഓ. എൽ, എന്നീ പരീക്ഷകളും പാസ്സായവർക്കു 100 രൂപാ മുതൽ 200 രൂപാവരെയും മഹോപാദ്ധ്യായ, ശിരോമണി എന്നീ പരീക്ഷകളും പാസ്സായവർക്കു 80 രൂപാ മുതൽ 160 രൂപാ വരെയും വിദ്വാൻ സാഹിത്യവിശാരദ്

LIBRARY ARCHIVES Kerala Legislative Assembly

എന്നീ പരീക്ഷകൾ പാസ്സായവർക്ക് ൫൦ രൂപാ മുതൽ ൩൦ രൂപാ വരെയും ശമ്പളം നൽകുകയും സാധാരണ ഇംഗ്ലീഷ് സ്കൂളിലെ മലയാളം തമിഴ് പണ്ഡിറ്റുകൾക്ക് ൨൫ രൂപാ മുതൽ ൪൫ രൂപാവരെയും, മലയാളവും തമിഴും സ്കൂളുകളിൽ ൨൨ രൂപാ മുതൽ ൨൭ രൂപാവരെയും ശമ്പളം നൽകുന്നുണ്ട്.

MR. P. CHACKO : മലയാളഭാഷക്ക് പ്രാധാന്യം കൊടുക്കണമെന്ന അഭിപ്രായപ്പെട്ടുകൊണ്ടിരിക്കെ മലയാളവും തമിഴും പണ്ഡിറ്റുകളെ പ്രോത്സാഹിപ്പിക്കേണ്ടതല്ലേ ?

HON'BLE MR. N. KUNJURAMAN : അവർക്ക് വേണ്ട പ്രോത്സാഹനം നൽകത്തക്കവിധം വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

MR. K. RAMACHANDRAN (*Pathanamthitta—I Kammala*) : ഹിന്ദി പണ്ഡിറ്റിന് എത്ര ശമ്പളമാണ് കൊടുക്കുന്നത്.

HON'BLE MR. N. KUNJURAMAN : അത് ഈ ചോദ്യത്തിൽനിന്നും ഉത്ഭവിക്കുന്നില്ല.

Supply of rice from Trivandrum Depot.

470. MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar*):*

கீழ்க் காணும் விஷயத்தைக் குறித்து, கனம் உணவுமந்திரி பதில் தருவார்களா?

1. *திருவனந்தபுரம் டிப்போவிலுள்ள ஆபீசருடைய பெயரென்ன?*
2. *அந்த இடத்தில் அவரை நியமித்து எத்தனை காலங்களாயின?*
3. *மேல்படி டிப்போவிலிருந்து, எந்த தாலுகாக்களுக்கு, அரிசி விநியோகம் செய்யப்படுகிறது?*
4. *அந்த ஆபீசர், அரிசி விநியோகத்தில் தமிழன், மலையாளி என்ற பாகுபாடு காண்பித்துவருவது, சர்க்காருக்குத்தெரியுமா?*
5. *அப்படியானால், அது சம்பந்தமாகச் சர்க்கார் எதாவது நடவடி எடுத்ததுண்டா?*

HON'BLE MR. V. O. MARKOSE : (എ) തിരുവനന്തപുരം ഡിപ്പോ ആഫീസരുടെ പേര് എം. ആർ. രാമചന്ദ്രൻ എന്നാണ്.

(ബി) ആ സ്ഥാനത്തു് അദ്ദേഹത്തെ നിയമിച്ചതു് എ൯ ഡബ്ലിയു ൧൦൦൯ ആണ്.

(സി) ഈ ഡിപ്പോവിൽനിന്നും അരി വിതരണം ചെയ്യപ്പെടുന്ന താലൂക്കുകൾ തോവാള, നാഗർകോവിൽ, കൽക്കുളം, വിളവംകോട്, നെയ്യാറ്റിൻകര, തിരുവനന്തപുരം, നെടുമങ്ങാട്, തിരുവനന്തപുരം സിറ്റി.

(ഡി) അരി വിതരണം ചെയ്യുന്ന കാര്യത്തിൽ മലയാളി എന്നോ തമിഴൻ എന്നോ യാതൊരു വിവേചനവും കാണിച്ചിട്ടില്ല.

* The member being absent question and answer were p'aced on the table.

LIBRARY ARCHIVES Kerala Legislative Assembly